## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2514 | | 07.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **ക്ഷേമപെൻഷനുകൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.അനൂപ് ജേക്കബ്** | | **ശ്രീ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | ഇക്കഴിഞ്ഞ ഓണത്തിന് മുൻപായി എല്ലാവർക്കും ക്ഷേമപെൻഷനുകൾ കൃത്യമായി ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഓണത്തിന് മുൻപ് ചെറിയ ഒരു ഭാഗം ഗുണഭോക്താക്കൾക്ക് ക്ഷേമ പെൻഷൻ ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ലഭ്യമായിട്ടില്ല എങ്കിൽ കാരണം വിശദമാക്കുമോ; | (ബി) | പെൻഷൻ ഡാറ്റാബേസിലെ വാർഡ് വിവരങ്ങളിലെ തെറ്റുകൾ മൂലവും ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികളുടെ എതിർപ്പ് മൂലവും കുടുംബശ്രീ മുഖേന നടത്തിയ സർവ്വേ നടപടികൾ യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്തത് പെൻഷൻ വിതരണത്തിന് കാലതാമസം വരുത്തിയിരുന്നു. വാർഡ് വിവരങ്ങളിലെ തെറ്റുകൾ മൂലം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടും പ്രാഥമിക സഹകരണ ബാങ്കുകളുടെ സേവന പരിധിക്ക് പുറത്ത് വളരെ അകലെയുള്ള സ്ഥലങ്ങളിൽ പെൻഷൻ വിതരണം നടത്തേണ്ടി വന്നതു നിമിത്തവും ഒരു ചെറിയ വിഭാഗത്തിന് പെൻഷൻ വിതരണത്തിന് കാലതാമസമുണ്ടാക്കിയിരുന്നു. |
| (സി) | ക്ഷേമ പെൻഷനുകൾ കൃത്യമായി എത്തിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ഉത്തരവാദികൾക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | 95 ശതമാനത്തിലധികം ഗുണഭോക്താക്കൾക്ക് ഓണത്തിന് മുൻപ് പെൻഷൻ വിതരണം നടത്തിയിരുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് ഗുണഭോക്താക്കളിൽ ചെറിയ ഒരു വിഭാഗത്തിന് ഒഴികെ മറ്റെല്ലാ പേർക്കും കൃത്യമായി വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ആർക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ